# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.166/2025 തിരുവനന്തപുരം, തീയതി: 29.07.2025**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം - 2025 സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. കോളേജ് പ്രവേശനം ജൂലായ് 30, 31 തീയതികളിൽ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്ക് 2025-26 അധ്യയന വർഷത്തിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/pg2025) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർക്ക് പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം ഓൺലൈനായി ഫീസ് അടച്ച് (ആദ്യ ഘട്ടത്തിൽ ഏതെങ്കിലും അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർ വീണ്ടും അടക്കേണ്ടതില്ല) അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/pg2025) സന്ദർശിക്കുക.
സംശയനിവാരണത്തിനായി 8281883052 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം - 2025 രണ്ടാം ഘട്ട സ്പോർട്സ് ക്വാട്ട അഡ്മിഷൻ സർട്ടിഫിക്കറ്റ് പുനഃപരിശോധനക്ക് അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ കോഴ്സുകളിലെ രണ്ടാംഘട്ട സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. സ്പോർട്സ് ക്വാട്ട ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക് അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് (https://admissions.keralauniversity. ac.in/fyugp2025) വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്. സർട്ടിഫിക്കറ്റ് “Reject” ആയ വിദ്യാർത്ഥികൾക്ക്, നിലവിൽ അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റിന്റെ ന്യൂനത പരിഹരിച്ച് 2025 ജൂലൈ 31 ന് വൈകുന്നേരം 5 മണി വരെ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ചതിന് ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. 2025 ജൂലൈ 31 ന് വൈകുന്നേരം 5 മണിക്ക് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പരാതികൾ സർവകലാശാലയിലേക്ക് നേരിട്ടോ ഇ-മെയിൽ മുഖേനയോ അയയ്ക്കേണ്ടതില്ല.

2025 ആഗസ്റ്റ് 1 ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത തീയതിയിൽ വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ 2025 ആഗസ്റ്റ് 4 ന്, 12 മണിക്ക് മുൻപായി എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്. ഹെൽപ്പ്ലൈൻ നമ്പർ : 8281883052 (Whatsapp also)

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കുവാനുള്ള അവസാന തീയതി 2025 ആഗസ്റ്റ് 07. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎസ്സി മാത്തമാറ്റിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ന്യൂജെനറേഷൻ ഡബിൾ മെയിൻ) (റെഗുലർ - 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി - 2020 & 2021 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കുവാനുള്ള അവസാന തീയതി 2025 ആഗസ്റ്റ് 08. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
(**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ ബിഎസ്സി കമ്പ്യൂട്ടർ സയൻസ്, ബിസിഎ (വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി – 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 - 2019 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കുവാനുള്ള അവസാന തീയതി 2025 ആഗസ്റ്റ് 04. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2025 ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബിടെക് (2020 സ്കീം – റെഗുലർ - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020 & 2021 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി 2025 ആഗസ്റ്റ് 08. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ ഡിപ്ലോമ (2025 അഡ്മിഷൻ) കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത : സർവകലാശാല

ബിരുദവും ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സ്, കോഴ്സ് ഫീ : Rs. 2153 /-, കാലയളവ് : ഒരു വർഷം, സമയം : 5.30 - 7.00 pm, അപേക്ഷ ഫീസ് 105/- രൂപയും രജിസ്ട്രേഷൻ ഫീസ് 105/- രൂപയുമാണ്. (payable at University Cash Counter or Online). പൂരിപ്പിച്ച അപേക്ഷകൾ 2025 ആഗസ്റ്റ് 11 ന് വൈകുന്നേരം 4.30 വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലുള്ള ജർമ്മൻ പഠന വകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷ ഫോം നേരിട്ടു ജർമ്മൻ പഠന വിഭാഗത്തിൽ നിന്നോ അല്ലെങ്കിൽ ജർമ്മൻ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ (https://keralauniversity.ac.in/german) നിന്നോ ലഭിക്കുന്നതാണ്.

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സിന് (2025 Admission) അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത : സർവകലാശാല ബിരുദം, കോഴ്സ്ഫീ : Rs. 2153 /-, കാലയളവ് : ഒരുവർഷം, സമയം : 8.00 - 9.30 am, അപേക്ഷാഫീസ് 105/- രൂപയും രജിസ്ട്രേഷൻ ഫീസ് 105/- രൂപയുമാണ് (payable at University Cash Counter or Online). പൂരിപ്പിച്ച അപേക്ഷകൾ 2025 ആഗസ്റ്റ് 11 ന് വൈകുന്നേരം 4.30 വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലുള്ള ജർമ്മൻ പഠന വകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷാഫോം നേരിട്ട് ജർമ്മൻ പഠന വിഭാഗത്തിൽ നിന്നോ അല്ലെങ്കിൽ ജർമ്മൻ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്. (https://keralauniversity.ac.in/german)

## ടൈംടേബിൾ

കേരളസർവകലാശാല 2025 മെയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംബിഎ പരീക്ഷയുടെ പ്രോജക്ട് വൈവ, കോംപ്രിഹെൻസീവ് വൈവ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**